**"ഭരണഭാഷ-മാതൃഭാഷ"**

**ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം**

വിഷയം : തദ്ദേശസ്വയം ഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം- കോട്ടയം നഗരസഭ -കൊമേഴ്സ്യൽ കം സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിടം നിർമ്മിച്ചത് ക്രമവൽക്കരിക്കുന്നതിന് ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: 1. കോട്ടയം നഗരസഭ സെക്രട്ടറിയുടെ 19.08.2020-ലെ PW4/PW3-BA-46-13-14 നമ്പർ കത്ത്

2.ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ, വിജയപുരം രൂപതയുടെ 15.01.2021- ലെ ന്യൂനതകൾ തിരുത്തി സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKTM/54/2021-C/Ddis തീയതി : 27/01/2021**

---

കോട്ടയം ജില്ലയിലെ കോട്ടയം നഗരസഭ പരിധിയിലുള്ള , മുട്ടമ്പലം വില്ലേജിൽ, ബ്ലോക്ക് നമ്പർ 109-ൽ റീ സർവ്വേ നമ്പർ 52, 53 ൽ പെട്ട 5845 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിലുള്ള 2425.43 ചതുരശ്ര മീറ്റർ കെട്ടിടങ്ങളോട് ചേർത്ത് 7127.17 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ കം സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിടം നിർമ്മിച്ചത് ക്രമവൽക്കരിക്കുന്നതിന് കെ.എം.ബി.ആർ-1999-ലെ ചട്ടങ്ങൾക്കും , താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകള് കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി., അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രമെ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**<u>നിബന്ധനകൾ:-</u>**

1. കെ.എം.ബി.ആർ-1999 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി. ലഭ്യമാക്കിയിരിക്കണം.
3 കെ.എം.ബി.ആർ-1999 അദ്ധ്യായം XVII പ്രകാരമുള്ള സേഫ്റ്റി പ്രൊവിഷനുകൾ പാലിച്ചിരിക്കേണ്ടതാണ്.
4 സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5 റാമ്പിന് ചട്ടം 24 (11)പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6 പ്ലോട്ടിൽ നിലവിലുള്ള നിർമ്മിതികൾ അംഗീകൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
7 പ്ലോട്ടിൽ ഖര മാലിന്യ നിർമ്മാർജ്ജന സംവിധാനം, ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ്, മലിന ജല സംസ്കരണ പുനരുപയോഗ സംവിധാനം എന്നിവ നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8 ചട്ടം 56 (3)(j) പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനം ഉറപ്പുവരുത്തണം.

9 പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും, വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും , അവ ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.

10 ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

11 നിർദ്ദിഷ്ട സ്ഥലത്ത് വികസന / നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമെങ്കിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും, അനുബന്ധ സർക്കുലറുകൾക്കും , അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

12 കെ.എം.ബി.ആർ-1999- നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

കെ.എം.ബി.ആർ-1999 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി ക്രമവൽക്കരണാനുമതിക്ക് പരിഗണിക്കാവൂ.

**(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 07/21/KTM)**

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

സെക്രട്ടറി,
കോട്ടയം നഗരസഭ (പ്ലാൻ 1 സെറ്റ് സഹിതം).

പകർപ്പ്: 1. ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ,, വിജയപുരം രൂപത, കോട്ടയം
2. അധികം- 1.